**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 642** **17-09-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ 9 വർഷത്തിനിടയിൽ കാസർഗോഡ് ജില്ലയ്ക്ക് ബജറ്റിലും അല്ലാതെയും അനുവദിച്ച വ്യവസായ സംരംഭങ്ങൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | **മടിക്കൈ വ്യവസായ എസ്റ്റേറ്റ് (കാഞ്ഞങ്ങാട് നിയോജക മണ്ഡലം)**<br><br>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അനുവദിച്ചു നൽകുന്ന മടിക്കൈ വ്യവസായ എസ്റ്റേറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചുറ്റുമതിൽ നിർമ്മാണത്തിന് 4.9 കോടിയും വൈദ്യുതീകരണത്തിന് ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് 18.6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>**അനന്തപുരം ഡെവലപ്മെന്റ് ഏരിയ/ഡെവലപ്മെന്റ് പ്ലോട്ട് (മഞ്ചേശ്വരം നിയോജക മണ്ഡലം)**<br><br>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അനുവദിച്ചു നൽകുകയും കഴിഞ്ഞ 9 വർഷത്തിനുള്ളിൽ പ്രസ്തുത മേഖലയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഡെവലപ്മെന്റ് ഏരിയയിൽ 8 യൂണിറ്റുകളും ഡെവലപ്മെന്റ് പ്ലോട്ടിൽ 32 യൂണിറ്റുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>**ചട്ടഞ്ചാൽ വ്യവസായ എസ്റ്റേറ്റ് (ഉദുമ നിയോജക മണ്ഡലം)**<br><br>ചുറ്റുമതിൽ നിർമ്മാണത്തിനായി കാസറഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി തുക അനുവദിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്റേണൽ റോഡിന് 74.52 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖാന്തരം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ആരംഭിച്ച സംരംഭങ്ങളുടെ വിപുലീകരണത്തിനും സാമ്പത്തിക സഹായം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവയിൽ പൂർത്തീകരിച്ച സംരംഭങ്ങൾ, പാതിവഴിയിലായ സംരംഭങ്ങൾ, തുടക്കം കുറിക്കാത്ത സംരംഭങ്ങൾ എന്നിവ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | പൂർത്തീകരിച്ച സംരംഭങ്ങൾ - 2431 (കാസറഗോഡ് – 360, കാഞ്ഞങ്ങാട്- 704, തൃക്കരിപ്പൂർ - 512, ഉദുമ- 500, മഞ്ചേശ്വരം 355)<br><br>പ്രവൃത്തി പുരോഗമിക്കുന്ന സംരംഭങ്ങൾ - 3004 (കാസറഗോഡ് – 676, കാഞ്ഞങ്ങാട് – 632, തൃക്കരിപ്പൂർ - 486, ഉദുമ – 540, മഞ്ചേശ്വരം – 670)<br><br>തുടക്കം കുറിക്കാത്ത സംരംഭങ്ങൾ - 634 (കാസറഗോഡ് – 166, കാഞ്ഞങ്ങാട് -114, തൃക്കരിപ്പൂർ - 102, ഉദുമ – 106, മഞ്ചേശ്വരം – 146) |
| (സി) | ഓരോ സംരംഭത്തിനും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | സംരംഭങ്ങൾക്ക് വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖാന്തരം സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>1.സംരംഭകത്വ സഹായ പദ്ധതി - പ്രസ്തുത പദ്ധതി മുഖേന 2016-17 മുതൽ 2024-25 വരെ 17,1210,928/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>2. വൺ ഫാമിലി വൺ എന്റർപ്രൈസ്– 2022-23 മുതൽ 2024-25 വരെ 20,55,337/- രൂപ പ്രസ്തുത പദ്ധതി മുഖേന അനുവദിച്ചിട്ടുണ്ട്.<br><br>3.മാർജിൻ മണി ടു നാനോ – 2021-22 മുതൽ 2024-25 വരെ 1,52,42,693/- രൂപ പ്രസ്തുത പദ്ധതി മുഖേന അനുവദിച്ചിട്ടുണ്ട് |
| (ഡി) | സംരംഭങ്ങൾ തുടക്കം കുറിക്കാൻ പറ്റാത്ത അവസ്ഥയിലാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | വായ്പാ ലഭ്യതക്കുറവ്, സ്ഥല പരിമിതി, മതിയായ വ്യവസായ കെട്ടിടങ്ങളുടെ അപര്യാപ്തത എന്നീ പ്രതിസന്ധികളാൽ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുവാൻ കാലവിളംബം നേരിടുന്നതായി കാണുന്നു . |
| (ഇ) | ഈ സംരംഭങ്ങളുമായി ബന്ധപ്പെട്ട കരാറുകാരടക്കം ആർക്കെങ്കിലും കുടിശ്ശിക ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (ഇ) | സംരംഭങ്ങളുമായി ബന്ധപ്പെട്ട് കരാറുകാരടക്കം ആർക്കും കുടിശ്ശിക ഇല്ല. |

സെക്ഷൻ ഓഫീസർ